# ആത്മനവീകരണത്തിന്റെ പുണ്യദിനങ്ങൾ

മനുഷ്യന്റെ വിളിയുടെ വിശുദ്ധഭാവങ്ങളെപ്പറ്റി ധ്യാനിക്കുവാനുള്ള സമയമാണ് നോമ്പുകാലം. സദാ ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ്, അവിടുത്തോടൊപ്പം ജീവിതം ഒരു ആഘോഷമാക്കി പകർത്തുക എന്നതായിരുന്നു മനുഷ്യന്റെ വിളി. ദൈവത്തോടൊപ്പം നടന്നപ്പോൾ അവിടുത്തെ മുഖദർശനത്തിൽ ജീവിച്ചപ്പോൾ ആദിമാതാപിതാക്കൾക്ക് ജീവിതത്തിൽ എന്നും വസന്തമായിരുന്നു. ദൈവസ്വരം ഇമ്പകരമായ സംഗീതവും, ദൈവസാന്നിദ്ധ്യം അമൃതായും അവർക്കനുഭവപ്പെട്ടു. ആനന്ദം തിരതല്ലുന്നതായ ഒരു ജീവിതയാത്ര.

എന്നാൽ ......

പ്രലോഭകൻ കടന്നുവന്നപ്പോൾ ദൈവസ്വരം അവർക്ക് ഭീതിജനകമായിമാറി. ദൈവസാന്നിദ്ധ്യം ഒഴിവാക്കേണ്ട ഒരു അപകടമായി അവർ കരുതി. തിരുസ്സന്നിധിയുടെ വിശുദ്ധിയിൽ നിന്നും ഓടിയൊളിക്കുവാൻ അവർ തുനിഞ്ഞു. ഈ ആദികഥയുടെ നിഴലൊരുക്കുന്ന പശ്ചാത്തലത്തിൽ നിന്ന് നോമ്പിനെ കാണുമ്പോൾ നോമ്പുകാലമേകുന്ന ക്ഷണത്തിന്റെ വിശുദ്ധഭാവങ്ങൾ ഹൃദയത്തെ ഉണർത്തും. അതിന്റെ ആഴം ഗ്രഹിക്കുവാൻ മനസ്സൊരുങ്ങും.

ദൈവസന്നിധിയിലേയ്ക്ക് തിരിച്ചുവന്ന് ദൈവത്തിൽ ജീവിക്കുവാനുള്ള ക്ഷണമാണ് നോമ്പുകാലം നമുക്കു നല്കുന്നത്. മരുഭൂമിയുടെ ഏകാന്തതയെ പുൽകി, സ്വർഗ്ഗപിതാവിലേയ്ക്ക് തിരിഞ്ഞ് അവിടുത്തോടൊപ്പം നിരാഹാരനായി 40 ദിനങ്ങൾ ചെലവഴിച്ച പുതിയ ആദത്തെ അനുകരിക്കുവാനുള്ള ദിനങ്ങൾ സഭ നമുക്കായി ഒരുക്കിയിരിക്കുന്നു. പരിത്യാഗവും ഉപവാസവും അനുരഞ്ജനവും ആത്മവിശുദ്ധീകരണവും ഈ നോമ്പുകാലം നമ്മിൽ നിന്നും ആവശ്യപ്പെടുന്നു.

പാപപരിഹാരാർത്ഥം നടത്തുന്ന അനുഷ്ഠാനങ്ങൾക്ക് സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. പാപത്തിന്റെ ഫലമായി ദൈവത്തിന്റെ പക്കൽ തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ സംപ്രീതി വീണ്ടെടുക്കുവാൻ വേണ്ടി ഇസ്രായേൽ ജനത പരിഹാര ബലികളർപ്പിക്കുകയും ഉപവാസവും പ്രായശ്ചിത്തവും വഴി തങ്ങളുടെ ജീവിതത്തെ നവീകരിക്കുകയും ചെയ്യുന്നതായി പഴയനിയമ ചരിത്രം പഠിപ്പിക്കുന്നു. തീക്ഷ്ണമായി പ്രാർത്ഥിക്കുകയും, കഠിനമായി ഉപവസിക്കുകയും ചെയ്തപ്പോഴെല്ലാം ദൈവം അവരോടു കരുണ കാണിച്ചു. ശിക്ഷിക്കാനുയർത്തിയ കരം നീട്ടി അവരെ അനുഗ്രഹിച്ചു.

നോമ്പ് നമുക്കൊരു ഉയർത്തെഴുന്നേൽപ്പിനുള്ള അവസരമാണ്, ഉണർത്തുശബ്ദമാണ്. ഉണർന്നെണീറ്റ് ദൈവത്തെ വിളിച്ചപേക്ഷിക്കുവാനും ഇന്നലെകളിലേയ്ക്ക് കടന്നുചെന്ന് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തെപ്പറ്റി ചിന്തിക്കുവാനുള്ള അവസരം. ദൈവപദ്ധതി നിരാകരിച്ച് താർഷീഷിലേയ്ക്ക് കപ്പൽ കയറിയ യോനാ കിടന്നുറങ്ങിയപ്പോൾ കപ്പിത്താൻ വിളിച്ചുണർത്തി കപ്പൽ മുങ്ങാറായ കാര്യം അറിയിച്ചുകൊണ്ട് ചോദിച്ചു. ''നീ ഉറങ്ങുന്നോ? എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക. ഒരു പക്ഷേ അവിടുന്ന് നമ്മെ ഓർത്തേയ്ക്കും''. ഇതേ സന്ദേശമാണ് നോമ്പു തരുന്നത്: ഉറക്കം വിട്ടുണരുക, ജീവിതത്തെ ക്രമീകരിക്കുക, സഹോദരരോട് അനുരഞ്ജനപ്പെടുക, ദൈവൈക്യം പ്രാപിക്കുക.

എങ്ങനെ ദൈവൈക്യം പ്രാപിക്കാനാകും........ അതിനുള്ള വഴി നോമ്പുകാലം നമുക്കായി തുറക്കുന്നു. ഉപവാസത്തിന്റേയും, പ്രാർത്ഥനയുടേയും, പ്രായശ്ചിത്തത്തിന്റെ ദാനധർമ്മങ്ങളുടേയും ഇടുങ്ങിയ പാത. ഇവയെല്ലാം സ്നേഹത്തിൽ അധിഷ്ഠിതമായ ആന്ത രീക മനോഭാവത്തിന്റെ ബഹിർസ്ഫുരണങ്ങളായിരിക്കണം. സഹോദരരിൽ ദൈവഛായ കണ്ടെത്തി അവരെ സ്നേഹിക്കാൻ സാധിക്കുമ്പോഴാണ് നോമ്പിന്റെ ചൈതന്യം ജീവിത ത്തിൽ പ്രകാശിതമാവുന്നത്.

ഹൃദയപരിവർത്തനത്തിന്റെ വേദിയാണ് നോമ്പ്. ദൈവം നമ്മിൽനിന്ന് ആഗ്ര ഹിക്കുന്നത് ഹൃദയപരിവർത്തനമാണ്. ജോയേൽ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു ''നിങ്ങ ളുടെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത്.'' ഇതു തന്നെ ഏശയ്യാ പ്രവാചകനും ഉദ്ബോ ധിപ്പിക്കുന്നുണ്ട് - ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമല്ല തേടേണ്ടത്.....നിങ്ങൾ നിങ്ങളുടെ വേലക്കാരെ പീഡിപ്പിക്കുന്നു ..... നിങ്ങളുടെ സ്വരം ഉന്നതത്തിലെത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയ റുകൾ അഴിക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം? വിശ ക്കുന്നവനുമായി ആഹാരം പങ്കിടുകയും, ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും, നഗ്നനെ ഉടുപ്പിക്കുകയും, സ്വന്തക്കാരിൽനിന്നും ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിടരും..... നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും.(ഏശ.58:3/9)

പ്രലോഭനങ്ങൾക്കെതിരെ പോരാടുവാൻ
പരിശുദ്ധാരൂപിയുടെ ഫലങ്ങൾ സ്വീകരിക്കാൻ
മാനസാന്തരത്തിന്റെ ജീവിതം നയിക്കുവാൻ

നമുക്ക് ഉപവാസം അത്യാവശ്യമാണ്. അനുദിന ജീവിതവ്യാപാരങ്ങളെ നവീകരിക്കുവാ നും, ദൈവോന്മുഖമാക്കുവാനും ഒരുവൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉപവാസത്തിന്റെ പരു ക്കൻ വഴികളിലൂടെ അവൻ യാത്രചെയ്തേ മതിയാവൂ.

വി. ലൂക്കായുടെ സുവിശേഷം 16-ാം അദ്ധ്യായം വ്യർത്ഥമായിപ്പോകുന്ന ഒരു മാനസാന്തര കഥ വിവരിക്കുന്നുണ്ട്. സുഭിക്ഷതയുടെ കൊട്ടാരത്തിനുള്ളിൽ അഭിരമിച്ചപ്പോൾ കാൽച്ചുവട്ടിൽ ഭിക്ഷാപാത്രവുമായി ഇരുന്നവനെ കാണുവാൻ കഴിയാതെ വന്ന ധനാഢ്യന്റെ കഥ. മരണശേഷം അവൻ ലാസറിന്റെ കാരുണ്യം തേടുന്നു. ലാസറിന്റെ കൈവിരൽ തുമ്പ് വെള്ളത്തിൽ മുക്കി തന്റെ നാവു തണിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... ഇത് ഒരു തരം മാനസാന്തരമാണ്. ലാസറിനെ തന്റെ സഹോദരങ്ങളുടെ പക്കലേയ്ക്ക് അയയ്ക്കണമെ ന്നുള്ള അപേക്ഷയും ആ മാനസ്സാന്തരഫലമാണ്. തനിക്കാശ്വാസത്തിനു സാദ്ധ്യതയില്ലാ യെന്നറിയുമ്പോഴും, 'എനിക്കില്ലാത്ത രക്ഷ ആർക്കും വേണ്ട' എന്നു കരുതാതെ സഹോദ രങ്ങളുടെ മാനസാന്തരത്തിനായി കണ്ണീരോടെ യാചിക്കുന്ന ധനാഢ്യൻ. ഇത് നന്മയുടെ ഒരു തിളക്കമാണ്. ഒരു പക്ഷേ ജീവിതകാലത്ത് രക്തബന്ധമുള്ളവർക്കായി ഒരുപാട് അ ദ്ധ്വാനിച്ച ഒരാളായിരുന്നിരിക്കാം ആ ധനാഢ്യൻ. പക്ഷേ കാൽച്ചുവട്ടിൽ വൃണിതനായിക്കി ടന്നവനെ കാണുവാൻ അവൻ കണ്ണു തുറന്നില്ല. മരണശേഷമുള്ള അവന്റെ മാനസ്സാന്തര ത്തിന് ഫലമുണ്ടായതുമില്ല. വൈകിയെത്തുന്ന മാനസ്സാന്തരം നിഷ്ഫലമായിത്തീരുന്നു എന്നതാണീ കഥയുടെ ബാക്കിപത്രം.

മാനസാന്തരം നാളെയാവട്ടെ എന്നു നാം കരുതരുത്. തെറ്റുതിരുത്തുവാൻ നമുക്കായി അങ്ങനെയൊരു ദിനം നല്കപ്പെടുമോ? നന്മയിലേയ്ക്കുള്ള മടങ്ങിവരവ് സംഭ വിക്കേണ്ടത് ഇന്ന് ഇപ്പോൾത്തന്നെയാണ്.

ഈ നോമ്പുകാലം ആത്മാർത്ഥമായ ആത്മപരിശോധനയുടേയും, തിരിച്ചറിവിന്റേയും, തിരുത്തലിന്റേയും അവസരമാവട്ടെ. അതിനായി ആഗ്രഹിക്കാം, പ്രാർത്ഥിക്കാം, പരിശ്രമിക്കാം. നമ്മിൽ രൂഢമൂലമായിരിക്കുന്ന സ്വാർത്ഥതയുടെ വേരുകളറുത്ത്, കൂടുതൽ നിസ്വാർത്ഥരാകുവാൻ, പരോന്മുഖരാകുവാൻ  നമുക്കു കഴിയണം. പങ്കുവയ്ക്കലിലൂടെ പ്രകടമാകുന്ന പരസ്നേഹ ചൈതന്യം നമുക്കു സ്വന്തമാക്കാം. നമ്മുടെ ജീവിതം ക്രൈസ്തവമാക്കുന്നതും, ഫലദായകമാക്കുന്നതും നിസ്വാർത്ഥമായ ദൈവസ്നേഹത്തിലധിഷ്ഠിതമായ പങ്കുവയ്ക്കലാണ്. ദൈവസ്നേഹം ഹൃദയത്തിൽ നിറഞ്ഞ് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ, മുന്നിലുള്ള കാഴ്ചകളെ കാഴ്ചപ്പാടുകളാക്കി മാറ്റുവാൻ, നമുക്കിടവരട്ടെ.

ആത്മനവീകരണത്തിന്റെ പുണ്യദിനങ്ങളിൽ നിന്റെയും, എന്റെയും നിയന്ത്രണങ്ങൾ, ഉപേക്ഷിക്കലുകൾ, സ്വീകരണങ്ങൾ, ദൈവം ദാനമായിത്തന്ന ഈ ജീവിതത്തെ പ്രകാശമാനമാക്കട്ടെ ! ദൈവത്തോടൊപ്പം നമ്മുടെ ജീവിതങ്ങൾ ഒരു ആഘോഷമായി മാറട്ടെ.

ഏവർക്കും ഫലസമൃദ്ധമായ ഒരു നോമ്പുകാലം ആയിരിക്കട്ടെ!

**ഫാ. ജോൺ നെല്ലിക്കുന്നേൽ.**